Kerala kaumudi 18.10.17

# ഡോ. രവി രാമൻ കാർഷിക സർവകലാശാല ജനറൽ കൗൺസിൽ പ്രതിനിധി

തൃശ്ശൂർ: കേരള കാർഷിക സർവകലാശാലാ വൈസ് ചാൻസലറെ തിരഞ്ഞെടുക്കാനുള്ള മൂന്നംഗ സമിതിയിലെ സർവകലാശാലാ ജനറൽ കൗൺസിലിന്റെ പ്രതിനിധിയായി സംസ്ഥാന ആസൂത്രണ ബോർഡംഗം ഡോ. രവി രാമനെ നാമനിർദ്ദേശം ചെയ്തു. സർവകലാശാലാ പ്രോ ചാൻസലറായ കൃഷിമന്ത്രി വി.എസ്. സുനിൽ കുമാറിന്റെ അദ്ധ്യക്ഷതയിൽ കുമരകം മേഖലാ കാർഷിക ഗവേഷണ കേന്ദ്രത്തിൽ ചേർന്ന പ്രത്യേക ജനറൽ കൗൺസിൽ യോഗമാണ് തീരുമാനമെടുത്തത്.

സർവകലാശാലാ നിയമത്തിന്റെ 27 (2) വകുപ്പ് പ്രകാരം ജനറൽ കൗൺസിലിന്റെയും ചാൻസലറുടെയും ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെയും പ്രതിനിധികളടങ്ങുന്ന സമിതിയാണ് വൈസ് ചാൻസലറെ തെരഞ്ഞെടുക്കേണ്ടത്. ഇപ്പോഴത്തെ വൈസ് ചാൻസലറുടെ കാലാവധി ഒക്ടോബർ 31 ന് അവസാനിക്കുന്ന പശ്ചാത്തലത്തിലാണ് ഈ തീരുമാനം.

കേരള കാർഷിക സർവകലാശാലയുടെ പുതിയ അക്കാഡമിക്ക്, റിസർച്ച് ബ്ലോക്കിന് സി. അച്യുത മേനോൻ സ്മാരക പഠന, ഗവേഷണ ബ്ലോക്ക് എന്ന് പേര് നൽകാനും സഭ ഏകകണ്ഠമായി തീരുമാനിച്ചതായി വൈസ് ചാൻസലർ ഡോ. പി. രാജേന്ദ്രൻ പറഞ്ഞു. കാർഷികോത്പാദന കമ്മിഷണർ ടിക്കാറാം മീണ, രജിസ്ട്രാർ ഡോ. എസ്. ലീനാകുമാരി, തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപക, അനദ്ധ്യാപക, വിദ്യാർത്ഥി പ്രതിനിധികൾ, നാമനിർദ്ദേശം ചെയ്യപ്പെട്ട ശാസ്ത്രജ്ഞർ, കർഷക പ്രതിനിധികൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു.